LIBRARY ARCHIVES Kerala Legislative Assembly

കുറ്റക്കാരായ പോലീസുകാർക്കെതിരെ നടപടി

26 [828] ശ്രീ. സി. മമ്മൂട്ടി:

,, ഇ. ടി. മുഹമ്മദ് ബഷീർ:

,, ടി. പി. എം. സാഹിർ:

,, കെ. എൻ. എ. ഖാദർ:

,, മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസുകാർ കുറ്റകൃത്യങ്ങൾ ചെയ്തതായി തെളിഞ്ഞാൽ അത്തരം കുറ്റങ്ങൾക്ക് സാധാരണക്കാരായ മറ്റുള്ളവർക്ക് നൽകുന്ന ശിക്ഷയുടെ മൂന്നിരട്ടി ശിക്ഷ നൽകുവാൻ ആലോചനയുണ്ടോ;

(ബി) കുറ്റക്കാരായ പോലീസുകാർക്ക് ശിക്ഷ ഇളവു നൽകുന്നതിനുള്ള വ്യവസ്ഥ റദ്ദ് ചെയ്യുവാനും പോലീസുകാർക്കിടയിലെ ക്രിമിനൽ വാസനയും കുറ്റകൃത്യങ്ങളും ഇല്ലാതാക്കാനും അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിലുള്ള നിയമപ്രകാരം മാത്രമേ ശിക്ഷ നൽകാൻ സാധിക്കുകയുള്ളൂ. കുറ്റകൃത്യങ്ങൾക്ക് ആനുപാതികമായ ശിക്ഷാവിധിയാണ് നടപ്പാക്കിവരുന്നത്.

(ബി) 1958-ലെ കേരള പോലീസ് ഡിസിപ്ലിനറി ഇൻക്വയറി പണിഷ്മെന്റ് ആന്റ് അപ്പീൽ റൂൾസ് പ്രകാരമാണ് കുറ്റക്കാരായ പോലീസുകാർക്ക് ശിക്ഷ നൽകി വരുന്നത്. ക്രിമിനൽ വാസനയും കുറ്റകൃത്യങ്ങളും ശ്രദ്ധയിൽപ്പെട്ടാൽ ഉചിതമായ നിയമനടപടി സ്വീകരിക്കുന്നതാണ്.

മനോജിന്റെ മരണം സംബന്ധിച്ച് അന്വേഷണം

27 [831] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലാ ജയിൽ ബാലുശ്ശേരി നിയോജകമണ്ഡലത്തിൽപ്പെട്ട പനങ്ങാട് പഞ്ചായത്തിലെ റിമാന്റിൽ കഴിയുകയായിരുന്ന മനോജ് എന്ന വ്യക്തി ജയിലിൽ മർദ്ദനം ഏറ്റതിന്റെ ഫലമായി മരണമടഞ്ഞതിനെക്കുറിച്ച് അന്വേഷണം നടത്തി കുറ്റക്കാരുടെ പേരിൽ കേസെടുക്കണം എന്നാവശ്യപ്പെട്ട് രൂപീകരിക്കപ്പെട്ട ആക്ഷൻ കമ്മിറ്റി ഗവൺമെന്റിന് ഹർജി സമർപ്പിച്ചിരുന്നോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) ആശുപത്രിയിൽ എത്തുമ്പോൾ മരണപ്പെട്ടു എന്ന് രേഖപ്പെടുത്തിയ തിനാൽ ഇത് സംബന്ധിച്ച് ജയിൽ അധികാരികൾ പ്രത്യേക അന്വേഷണം എന്തെങ്കിലും നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ അന്വേഷണം നടത്തിയത് ഏത് ഉദ്യോഗസ്ഥനാണെന്നും ഇത് സംബന്ധിച്ച് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ എന്നും വെളിപ്പെടുത്താമോ;

(ഇ) പോസ്റ്റ്മോർട്ടം റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പോലീസ് കേസ് അന്വേഷണം നടത്തിയിട്ടുണ്ടോ;

(എഫ്) ജയിലിൽവച്ച് കൊലചെയ്യപ്പെട്ടുവെന്ന് മനോജിന്റെ കുടുംബാംഗ ങ്ങളും പൊതുജനങ്ങളും വിശ്വസിക്കുന്ന നിലയ്ക്ക് പുറമേയുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനെക്കൊണ്ട് അന്വേഷണം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—ഇ) കോഴിക്കോട് ജില്ലാ ജയിലിൽ മനോജ് എന്നൊരു വ്യക്തിയെ റിമാന്റിൽ പാർപ്പിക്കുയോ അവിടെ വച്ച് മരണം സംഭവിക്കുകയോ ചെയ്തിട്ടില്ല.

(എഫ്) ബാധകമല്ല.

കിളിമാനൂരിൽ ആട്ടോ ഡ്രൈവർ കൊലപാതക കേസന്വേഷണം

28 [833] ശ്രീ. എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂരിലെ ആട്ടോ ഡ്രൈവർ പട്ടാപ്പകൽ കൊലചെയ്യപ്പെട്ടതിനെ സംബന്ധിച്ച് കേസന്വേഷണം ഏത് ഘട്ടം വരെയായി എന്ന് വിശദീകരിക്കുമോ;

(ബി) കേസിലെ പ്രതികൾ എത്ര പേരുണ്ട്; ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(സി) പ്രസ്തുത കേസന്വേഷണം ക്രൈം ബ്രാഞ്ചിനെ ചുമതലപ്പെടുത്തു വാൻ തയ്യാറാകുമോ?

ഉത്തരം

(എ) കിളിമാനൂരിലെ ആട്ടോ ഡ്രൈവറെ കൊലപ്പെടുത്തിയത് സംബന്ധിച്ച് ക്രൈം നമ്പർ 429/03 നമ്പരായി സെക്ഷൻസ് 143, 147, 149, 323, 302 ആന്റ് 212 ഐ. പി. സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി

LIBRARY ARCHIVES Kerala Legislative Assembly